# സെന്റ് സേവ്യേഴ്സ് യു പി സ്കൂൾ

## കൂര്



# അക്കാദമിക് മാസ്റ്റർ പ്ലാൻ

അക്കാദമികം ഭൗതീകം സാമൂഹികം

## അടിസ്ഥാന വിവരങ്ങൾ

| | |
|---|---|
| വിദ്യാലയത്തിന്റെ പേര് | : സെന്റ് സേവ്യേഴ്സ് യു.പി.സ്കൂൾ |
| വിലാസം | : കൂര്<br>ഇലഞ്ഞി പി.ഒ<br>എറണാകുളം. 686665 |
| ഫോൺ | : 9495068542 |
| സ്കൂൾ കോഡ് | : 28321 |
| വിദ്യാഭ്യാസ ഉപജില്ല | : കൂത്താട്ടുകുളം |
| വിദ്യാഭ്യാസ ജില്ല | : മൂവാറ്റുപുഴ |
| റവന്യൂ ജില്ല | : എറണാകുളം |
| ബി. ആർ. സി | : കൂത്താട്ടുകുളം |
| സി. ആർ. സി | : ആലപുരം |
| ഗ്രാമപഞ്ചായത്ത് | : ഇലഞ്ഞി (2-ാം വാർഡ്) |
| ബ്ലോക്ക് പഞ്ചായത്ത് | : പാമ്പാക്കുട |
| ജില്ലാ പഞ്ചായത്ത് | : എറണാകുളം |
| നിയമസഭാ മണ്ഡലം | : പിറവം |
| ലോകസഭാ മണ്ഡലം | : കോട്ടയം |
| താലൂക്ക് | : മൂവാറ്റുപുഴ |
| വില്ലേജ് | : ഇലഞ്ഞി |
| ഇ. മെയിൽ | : supskooru @ gmail.com |

## ലക്ഷ്യങ്ങൾ:

1. മതേതരമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് ശാസ്ത്ര അന്തരീക്ഷത്തിൽ നിലകൊള്ളും സൗജന്യമായ വിദ്യാഭ്യാസം സമസ്ത ജനവിഭാഗങ്ങൾക്കും ഉറപ്പുവരുത്തുക.
2. അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല ലക്ഷ്യത്തോടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.
3. എൽ.കെ.ജി മുതൽ 7-ാം ക്ലാസ് വരെ ഓരോക്ലാസ് അടിസ്ഥാനത്തിലും വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്ക് അനുസൃതമായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകിക്കൊണ്ടുള്ള പ്രവർത്തനങ്ങളും അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തൽ.
4. അധ്യാപനവും, അധ്യയനവും സർഗ്ഗാത്മകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധപ്രവർത്തനങ്ങൾ രൂപപ്പെടുത്തുക
5. പഠനത്തെ പരിസരബന്ധിയും ജീവിതഗന്ധിയും ആക്കുവാൻ ആവാസപരിസ്ഥിതി സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുകയും അതുവഴി സ്കൂൾ ക്യാമ്പസ് ഒരു പാഠപുസ്തകമായി വികസിക്കുകയും ചെയ്യുന്നതിന്റെ ഭാഗമായി സ്കൂൾ ക്യാമ്പസിനെ ജൈവവൈവിധ്യ ഉദ്യാനമാക്കി മാറ്റുക.

# വിദ്യാലയം മികവിന്റെ കേന്ദ്രം - കാഴ്ചപ്പാട്

(1) "സാ വിദ്യാ യാ വിമുക്തയേ" - വിദ്യ സർവ്വ ദുരിതങ്ങളിൽ നിന്നും നമ്മെ മോചിപ്പിക്കുന്നു എന്ന ഋഷി വാക്യത്തെയും വിദ്യാഭ്യാസത്തിന്റെ പരമ പ്രധാനമായ ലക്ഷ്യം All round development എന്ന സിദ്ധാന്തത്തെയും സാക്ഷാത്ക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ പുതുക്കിപ്പണിയുക

(2) സമഭാവന, മതേതരത്വം തുടങ്ങിയ മൂല്യങ്ങൾ കുട്ടികളിൽ രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കുക

(3) പാഠ്യ- പഠ്യേതര വിഷയങ്ങളിൽ സജീവ താല്പര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

(4) താഴേക്കിടയിലുള്ളവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ

(5) ലോകത്ത് എവിടെയും സമാനപ്രായമുള്ള കുട്ടികൾ ആർജ്ജിച്ചതിനേക്കാൾ മികവാർന്ന ശേഷികളും ധാരണകളും ഓരോ ക്ലാസിലും കുട്ടികൾ നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ

(6) പ്രകൃതിയോടിണങ്ങി ജീവിക്കുവാനും വരും തലമുറയ്ക്കു കൂടി അവകാശപ്പെട്ടതാണ് ഈ ഭൂമി എന്ന ബോധ്യത്തോടെ പരിസ്ഥിതിയെ കാത്തു സൂക്ഷിക്കുവാനും പരിപോഷിപ്പിക്കുവാനും കുട്ടിയെ പ്രാപ്തനാക്കുന്നു.

## പദ്ധതി രൂപീകരണ പ്രക്രിയ - വിവിധ ഘട്ടങ്ങൾ

* എസ്. ആർ. ജി യോഗത്തിൽ സെന്റ് സേവ്യേഴ്സ് യു.പി. സ്കൂൾ

* വികസനാവശ്യങ്ങൾ ക്ലാസ് / വിഷയം അടിസ്ഥാനത്തിൽ ഭൗതികം - അക്കാദമികം - സാമൂഹികം എന്നിങ്ങനെ തരം തിരിച്ച് കരട് രൂപരേഖ തയ്യാറാക്കൽ

* കരട് രൂപരേഖ SRG, PTA, MPTA, രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിക്കൽ.

* ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കുന്നു.

* പി.റ്റി.എ നേതൃത്വത്തിൽ ക്രോഡീകരിച്ച പദ്ധതി രേഖ തയ്യാറാക്കൽ.

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ - ഒറ്റനോട്ടത്തിൽ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം | • ചുറ്റുമതിൽ, ഗേറ്റ് | • പി.ടി.എ ശക്തിപ്പെടുത്തൽ |
| • ഗണിതശേഷി വികസനം | • കളിസ്ഥലം | • വിദ്യാലയ വികസനസമിതി |
| • ഇംഗ്ലീഷ് പഠന പരിപോഷണം | • ചിൽഡ്രൻസ് പാർക്ക് | • പൂർവ്വ വിദ്യാർത്ഥി സംഘടനയുടെ പ്രവർത്തനം |
| • ശാസ്ത്രപോഷണ പരിപാടി | • ക്ലാസ് മുറികൾ | • എസ്.എസ്.ജി - എൽ.എസ്.ജി ബന്ധം |
| • വായനാ പരിപോഷണം | • ഓഫീസ് മുറി | • ഗ്രന്ഥശാലകൾ, ക്ലബുകൾ, സന്നദ്ധസംഘടനകൾ, വിദ്യാഭ്യാസ പ്രവർത്തകർ, പൂർവ്വാധ്യാപകർ, സഹകരണ സ്ഥാപനങ്ങൾ, വ്യവസായ ഗ്രൂപ്പുകൾ, എന്നിവയുടെ സേവനം പ്രയോജനപ്പെടുത്തൽ |
| • ലൈബ്രറി ശാക്തീകരണം | • സ്റ്റാഫ് മുറി | • ക്ലാസ് പി.ടി.എ മാതൃകാപരമാക്കാനുള്ള നടപടികൾ |
| • ലബോറട്ടറി ആധുനികവത്ക്കരിക്കൽ | • വിശ്രമ മുറി | |
| • നാടകക്കളരി | • സിക്ക് റൂം | |
| • ജൈവവൈവിധ്യ പാർക്ക് | • കമ്പ്യൂട്ടർ റൂം | |
| • സാഹിത്യ പോഷണ പരിപാടികൾ | • മൾട്ടിമീഡിയ റൂം | |
| • പഠനയാത്രകൾ | • ലൈബ്രറി | |
| • സെമിനാറുകൾ | • അടുക്കള | |
| • കലാ - കായികമേള | • ഡൈനിംഗ് ഹാൾ | |
| • ദിനാചരണം | • മാലിന്യ സംസ്കരണം | |

| | | |
|---|---|---|
| • ഐ.ടി പരിശീലനം<br>• അധ്യാപക ശാക്തീകരണ പരിപാടികൾ<br>• ക്ലാസ് പി.ടി.എ സജീവമാക്കൽ<br>• സ്കൂൾ പത്രം / മാസിക<br>• പ്രവൃത്തി പരിചയ പഠനം<br>• ഒന്നാം ക്ലാസ് ഒന്നാം തരം<br>• എസ്.ആർ.ജി ശാക്തീകരണം<br>• ശാസ്ത്രാഭിരുചി വളർത്തൽ<br>• പച്ചക്കറിത്തോട്ടം<br>• പോഷകാഹാര പരിപാടി<br>• പാവനാടകപരിശീലനം<br>• ഒറിഗാമി ശില്പശാല<br>• ഗണിത ലാബ്, ഗണിതാന്തരീക്ഷമൊരുക്കൽ<br>• ഭാഷാലാബ്<br>• ടേം മൂല്യനിർണ്ണയം നിരന്തര വിലയിരുത്തൽ | • എന്റെ വീട്ടിലും ഒരു കൃഷിത്തോട്ടം<br>• ഭാഷോത്സവം<br>• ഗണിതോത്സവം<br>• മെട്രിക് മേള | • വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ<br>• വിദ്യാലയ വിഭവങ്ങൾ സമൂഹത്തിന് കൂടി പ്രയോജനപ്പെടുത്തൽ<br>• പ്രാദേശിക പി.ടി.എ<br>• ഭവനസന്ദർശനം |

# പദ്ധതി വിശദാംശങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ (English Assembly) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക | ആഴ്ചയിൽ 2 ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുക. ഓരോ ക്ലാസുകൾക്കും ഇടവിട്ട് ചുമതല നൽകുക | ആഴ്ചയിൽ രണ്ടു ദിവസം | ക്ലാസ് ടീച്ചർ | - |
| | (English Diary) | | | |
| തെറ്റില്ലാതെ അനായാസം ഇംഗ്ലീഷ് എഴുതാനുള്ള ശേഷി നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഇംഗ്ലീഷിൽ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഇംഗ്ലീഷ് അദ്ധ്യാപിക. | - |
| | English Fest | | | |
| വ്യാകരണ ശുദ്ധിയോടെ ഇംഗ്ലീഷ് പറയാനും എഴുതാനും കഴിയുന്ന നിലവാരത്തിലേക്ക് കുട്ടികളെ എത്തിക്കുക. | അവധിക്കാലത്ത് രണ്ടു ദിവസം ഇംഗ്ലീഷ് ഫെസ്റ്റ് മുഴുവൻ പ്രവർത്തനങ്ങളും ഇംഗ്ലീഷിൽ തന്നെ ചെയ്യൽ | 2 ദിവസം (അവധിക്കാലം) | പി.ടി.എ പ്രസിഡന്റ് എച്ച്.എം | - |

| ലക്ഷ്യം | പ്രവർത്തനം (spoken English) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കുവാൻ കഴിവു നേടൽ | അവധി ദിവസങ്ങളിൽ വ്യാകരണത്തിന് പ്രാധാന്യം നൽകിയുള്ള ഇംഗ്ലീഷ് ക്ലാസുകൾ | പ്രതിവർഷം പത്ത് ക്ലാസ് | ക്ലാസ് ടീച്ചർ | 5000/- പൂർവ്വ വിദ്യാർത്ഥി സംഘടന |

| ലക്ഷ്യം | പ്രവർത്തനം (ചെറുകഥ തർജ്ജമ) | കാലം | English club ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തനിമയുള്ള വിവർത്തന പാടവം നേടൽ | മലയാളത്തിൽ തയ്യാറാക്കിയ ചെറുകഥ ഒരാൾ അവതരിപ്പിക്കുന്നു. മറ്റൊരാൾ ഇംഗ്ലീഷിലേക്ക് പരിഭാഷപ്പെടുത്തുന്നു. | മാസത്തിൽ ഒന്ന് | English club | - |

| ലക്ഷ്യം | പ്രവർത്തനം (English corner) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് പഠനാന്തരീക്ഷം സൃഷ്ടിക്കൽ | ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പ്രസിദ്ധീകരണങ്ങൾ, പുസ്തകങ്ങൾ എന്നിവയുടെ ശേഖരണം ഒരുക്കൽ. കുട്ടികൾക്ക് കാണാവുന്ന വിധത്തിൽ ഒരു പൊതുസ്ഥലത്ത് ദിനംപ്രതി ഇംഗ്ലീഷ് വാർത്തകൾ പ്രദർശിപ്പിക്കുന്നതിനുള്ള ബോർഡ് സ്ഥാപിക്കൽ. | പ്രതിമാസ പരിപാടി | English club | - - |

| ലക്ഷ്യം | പ്രവർത്തനങ്ങൾ (സാമൂഹ്യശാസ്ത്ര ലാബ്) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| സാമൂഹിക ശാസ്ത്രപഠനം കൂടുതൽ ശാസ്ത്രീയമാക്കുക | വിദ്യാലയത്തിലെ സൗകര്യപ്രദമായ ഒരു മുറിയിൽ സാമൂഹ്യശാസ്ത്ര ലാബ് ക്രമീകരിക്കുക | വർഷത്തിൽ ഒരു പ്രാവശ്യം | സോഷ്യൽസയൻസ് ക്ലബ് | 5000/- (പി.ടി.എ) |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| പ്രത്യക്ഷാനുഭവത്തിലൂടെ പാഠ്യവസ്തുതകൾ ഗ്രഹിക്കുന്നതിന് | സാമൂഹ്യശാസ്ത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ, സ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ മൂന്ന് തവണ | എസ്.ആർ.ജി | (10000/-) സ്പോൺസർഷിപ്പ് |
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം നടത്തി നിഗമനങ്ങൾ രൂപീകരിക്കുക | സമകാലിക പ്രസക്തിയുള്ള സാമൂഹികശാസ്ത്ര വിഷയങ്ങളെക്കുറിച്ച് സംവാദം, സെമിനാർ, ഡിബേറ്റ് തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് വീതം | എസ്.ആർ.ജി | 10000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹിക ശാസ്ത്രത്തിന്റെ വിശാലമായ മേഖലകളിലേക്ക് പ്രവേശിപ്പിക്കാൻ | അധികവായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ ബുക്കുകൾ എന്നിവ ഉൾക്കൊള്ളിച്ച സാമൂഹ്യശാസ്ത്ര വായന കോർണർ ഒരുക്കൽ | വർഷത്തിൽ ഒരു പ്രാവിശ്യം | സാമൂഹ്യശാസ്ത്ര ക്ലബ് | 5000/- (ഗ്രാന്റ് സർക്കാർ) |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സാമൂഹികശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | വിദ്യാലയത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും വായിക്കുവാൻ സൗകര്യപ്രദമായ ഒരിടത്ത് ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കുകയും എല്ലാ ദിവസങ്ങളിലും പ്രധാന വാർത്തകൾ പ്രദർശിപ്പിക്കുകയും ചെയ്യൽ | എല്ലാ പ്രവർത്തി ദിവസങ്ങളിലും | സാമൂഹ്യശാസ്ത്ര ക്ലബ് | 1000/- (പി.ടി.എ) |

| ലക്ഷ്യം | പ്രവർത്തനങ്ങൾ (ഹിന്ദി അസംബ്ലി) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഹിന്ദി ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം കുട്ടികൾ തന്നെ അസംബ്ലിയുടെ മുഴുവൻ പരിപാടികളും ഹിന്ദിയിൽ അവതരിപ്പിക്കുക. | ആഴ്ചയിൽ ഒരു ദിവസം | ഹിന്ദി ടീച്ചർ | - |

| ലക്ഷ്യം | പ്രവർത്തനം (ഹിന്ദി ഡയറി) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| തെറ്റില്ലാതെ ഹിന്ദി എഴുതാൻ കഴിവു നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെ ചുരുക്കം ഹിന്ദി ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | ഹിന്ദി ടീച്ചർ | - |

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഹിന്ദി പഠനം കാര്യക്ഷമമാക്കൽ | ഹിന്ദിയിൽ വിവിധ പതിപ്പുകൾ തയ്യാറാക്കൽ ഹിന്ദി ബുള്ളറ്റിൻ പ്രസിദ്ധീകരിക്കൽ നാടകീകരണം | മാസത്തിൽ ഒന്നുവീതം | ഹിന്ദി ക്ലബ് | 5000/- (ഫോ. ഫസ് ഷീ) |

| ലക്ഷ്യം | പ്രവർത്തനം (ശാസ്ത്ര ഗവേഷണം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തുക | ശാസ്ത്രതത്വങ്ങൾ എളുപ്പം മനസ്സിലാക്കുവാൻ ഉപകരിക്കുന്ന രസകരമായ ലഘുപരീക്ഷണങ്ങൾ കുട്ടികൾ അവതരിപ്പിക്കുന്നു. അവയുടെ പ്രവർത്തന രീതി ചിത്രം സഹിതം ബുക്കിൽ രേഖപ്പെടുത്തൽ | മാസത്തിൽ രണ്ടു വീതം | സയൻസ് ടീച്ചർ, എസ്.ആർ.ജി | - |
| ലക്ഷ്യം | പ്രവർത്തനം (സമ്മർ ഗ്രാമർ ക്ലാസ്) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഇംഗ്ലീഷ് വ്യാകരണത്തിൽ പ്രാവിണ്യം നേടൽ | പൂർവ്വ അദ്ധ്യാപകരെ പ്രയോജനപ്പെടുത്തി മധ്യവേനൽ അവധിക്കാലത്ത് ഗ്രാമർ ക്ലാസ് സംഘടിപ്പിക്കുക. | മധ്യവേനൽ അവധിക്ക് അഞ്ച് ദിവസം | എസ്.ആർ.ജി & പി.ടി.എ | |
| ലക്ഷ്യം | പ്രവർത്തനം (ലോക രാജ്യങ്ങളെ പരിചയപ്പെടൽ) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ലോകരാഷ്ട്രങ്ങളെ പരിചയപ്പെടൽ | ലോകഭൂപടത്തിന്റെ ഒരു വലിയ ചിത്രം ക്ലാസിൽ ചിത്രീകരിക്കുക ദിവസവും ദിനപത്രങ്ങൾ വായിച്ച് രാജ്യവുമായി ബന്ധപ്പെട്ട വാർത്തകൾ അതാത് രാജ്യങ്ങളിൽ ഒട്ടിക്കണം. | പ്രതിദിനം | ക്ലാസ് ടീച്ചർ | - |

| ലക്ഷ്യം | പ്രവർത്തനം (ചരിത്രകലണ്ടർ) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചരിത്രബോധം വളർത്തിയെടുക്കൽ. | 12 വലിയ ചാർട്ടുപേപ്പറുകളിൽ ജനുവരി മുതൽ ഡിസംബർ വരെയുള്ള മുഴുവൻ തിയതികളും എഴുതി കലണ്ടർ രൂപത്തിൽ തയ്യാറാക്കുക. ചരിത്രവുമായി ബന്ധപ്പെട്ട് ഓരോ ദിവസവും വരുന്ന വാർത്തകൾ നിശ്ചിത തിയതിക്ക് താഴെ ഒട്ടിക്കുക. | പ്രതിദിനം | എസ്.ആർ.ജി | - |
| ലക്ഷ്യം | പ്രവർത്തനം (കവികളും അവരുടെ കൃതികളും പരിചയപ്പെടൽ) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| മലയാളത്തിലെ പ്രമുഖ കവികളെയും അവരുടെ കൃതികളെയും പരിചയപ്പെടാൻ അവസരമൊരുക്കുക. | സ്കൂളിലെ ഓരോ കുട്ടിക്കും ഓരോ കവികളുടെ പേര് നൽകുന്നു. ഓരോ കുട്ടിയും അവർക്ക് ലഭിക്കുന്ന കവിയുടെ ഒരു കവിതയും കവിയുടെ ലഘു ജീവചരിത്രവും തയ്യാറാക്കണം. ഒടുവിൽ ഇത് പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്താം. | വർഷത്തിൽ ഒരു പ്രാവിശ്യം | മലയാളം അധ്യാപിക, എസ്.ആർ.ജി | - |

| ലക്ഷ്യം | പ്രവർത്തനം (ചിത്ര പൂരണം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| പൊതുസ്ഥാപനങ്ങൾ, വിവിധ പദ്ധതികൾ എന്നിവയുടെ പ്രവർത്തനം പരിചയപ്പെടൽ | നമ്മുടെ നാട്ടിലെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങൾ സർക്കാരിന്റെ വിവിധ പദ്ധതികൾ എന്നിവയുടെ ചിത്രം കുട്ടികൾ ശേഖരിക്കുന്നു. ഓരോ ചിത്രവും പ്രതിനിധാനം ചെയ്യുന്ന സ്ഥാപനം/ പദ്ധതി അവയുടെ പ്രവർത്തനം എന്നിവ ചിത്രത്തിന് താഴെയായി എഴുതി തയ്യാറാക്കണം | വർഷത്തിൽ ഒരു പ്രാവിശ്യം | പി.ടി.എ എസ്.ആർ.ജി | - |

| ലക്ഷ്യം | പ്രവർത്തനം (മൺമറഞ്ഞ ആഹാരങ്ങൾ പരിചയപ്പെടുത്തുന്നു) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കേരളീയരുടെ പ്രാചീന നാടൻ ഭക്ഷണങ്ങൾ പരിചയപ്പെടൽ | കേരളത്തിൽ നിലവിലുണ്ടായിരുന്ന പ്രാചീന പാനീയങ്ങൾ പലഹാരങ്ങൾ ആഹാരസാധനങ്ങൾ എന്നിവയുടെ പട്ടിക മുതിർന്നവരിൽ നിന്ന് ചോദിച്ചറിഞ്ഞ് ഓരോന്നും പാകം ചെയ്യുന്ന വിധവും അതിൽ ചേർക്കുന്ന വസ്തുക്കളും ഉൾപ്പെടുത്തി പതിപ്പ് തയ്യാറാക്കുന്നു. | വർഷത്തിൽ ഒരു പ്രാവിശ്യം | എസ്.ആർ.ജി | - |

| ലക്ഷ്യം | പ്രവർത്തനം (ചുറ്റുമതിൽ | [illegible] കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സ്കൂൾ കാമ്പസിനെ സുരക്ഷിതമായി സംരക്ഷിക്കുക | ചുറ്റുമതിൽ ഇല്ലാത്ത ഇടങ്ങളിൽ നിർമ്മിക്കുക. മുൻവശത്തെ ചുറ്റുമതിൽ ആകർഷകമാക്കുക | ഒരു വർഷം | പി.ടി.എ, എസ്.എസ്.ജി | 50000/- (MLA Fund) |
| ലക്ഷ്യം | പ്രവർത്തനം (സ്കൂൾ കവാടം ആകർഷകമാക്കൽ) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| സ്കൂൾ ആകർഷകമാക്കൽ, സുരക്ഷിതത്വം | ആകർഷണീയമായ വിധത്തിൽ സ്കൂളിന്റെ കവാടം, പടിപ്പുര സജ്ജമാക്കുക. | ഒരു വർഷം | പി.ടി.എ | 100000/- (ജില്ലാ പഞ്ചായത്ത്) |
| ലക്ഷ്യം | പ്രവർത്തനം (പുതിയ മന്ദിരം നിർമ്മിക്കുക) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഭൗതിക സൗകര്യമൊരുക്കി പ്രവർത്തനം അക്കാദമിക കാര്യക്ഷമമാക്കൽ. | അഡ്മിനിസ്ട്രേറ്റീവ് കം അസംബ്ലി ഹാൾ എന്ന പുതിയ മന്ദിരം മഴക്കാലത്തും സുഖപ്രദമായ അന്തരീക്ഷത്തിൽ അസംബ്ലി ചേരുവാൻ സാധിക്കണം. | ഒരു വർഷം | പി.ടി.എ | 300000/- (M.P Fund) |

| ലക്ഷ്യം | പ്രവർത്തനം (ക്ലാസ് പി.ടി.എ സജീവമാക്കൽ) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കുട്ടികളുടെ പഠനം കൂടുതൽ മെച്ചപ്പെടുത്തുക. | ക്ലാസ് പി.ടി.എ കൃത്യമായ അജണ്ട വച്ച് പ്രതിമാസം ചേരൽ, പഠനപുരോഗതി പരിശോധിക്കൽ, മികവുകളുടെ അവതരണം, പൊതുചർച്ച എന്നിവ ഉണ്ടാകണം | പ്രതിമാസ പരിപാടി | ക്ലാസ് ടീച്ചർ | - |
| ലക്ഷ്യം | പ്രവർത്തനം (പോഷകാഹാര പരിപാടി) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ആരോഗ്യമുള്ള ശരീരം പഠനത്തിന് അനിവാര്യം | ആഴ്ചയിൽ ഓരോ ദിവസവും വ്യത്യസ്ത മെനു വെച്ച് പോഷകസമൃദ്ധമായ ഉച്ചഭക്ഷണം നൽകൽ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള ടീച്ചർ, ക്ലാസ് പി.ടി.എ | 5000/- (സി.എസ്.ആർ ഫണ്ട്) |
| ലക്ഷ്യം | പ്രവർത്തനം (ജന്മദിനത്തിനൊരു പുസ്തകം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ക്ലാസ് ലൈബ്രറിയുടെ നവീകരണം | ക്ലാസ് ടീച്ചറും കുട്ടികളും ജന്മദിനത്തിൽ ഒരു പുസ്തകം വീതം ക്ലാസ് ഗ്രന്ഥശാലയിലേക്ക് സംഭാവന ചെയ്യുന്നു. | എല്ലാ ജന്മദിനങ്ങളിലും | ക്ലാസ് ടീച്ചർ, ക്ലാസ് ലീഡർ | - |

| ലക്ഷ്യം | പ്രവർത്തനം (ദിനാചരണങ്ങൾ) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ എസ്. ആർ. ജിയിൽ രൂപപ്പെടുത്തുന്നു. നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നു | ആവശ്യാനുസരണം | എസ്. ആർ. ജി | |
| ലക്ഷ്യം | പ്രവർത്തനം (പച്ചക്കറിത്തോട്ടം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കാർഷിക സംസ്കൃതിയെ വീണ്ടെടുക്കൽ | വിദ്യാലയത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ വിധത്തിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കൽ | വർഷത്തിൽ ഒരു പ്രവിശ്യ | കാർഷിക ക്ലബ്, എസ്. ആർ. ജി | 5000/- (കൃഷിവകുപ്പ്) |
| ലക്ഷ്യം | പ്രവർത്തനം (ജൈവവൈവിധ്യപാർക്ക്) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| പ്രകൃതിയെ അടുത്തറിയാൻ അവസരമൊരുക്കുക | സ്കൂളിൽ സൗകര്യപ്രദമായ സ്ഥലത്ത് ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ | ഒരു പ്രാവിശ്യം | എസ്. ആർ. ജി | 25000/- (എസ്. എസ്. എ) |

| ലക്ഷ്യം | പ്രവർത്തനം (ചിത്രരചനാ ക്ലബ്ബ്) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ചിത്ര രചനയിൽ പ്രാവിണ്യം നേടൽ | മധ്യവേനൽ അവധിക്കാലത്ത് മൂന്ന് ദിവസത്തെ ചിത്ര രചനാ പരിശീലനം | മധ്യവേനൽ അവധിക്കാലത്ത് മൂന്ന് ദിവസം | എസ്. ആർ. ജി | 2000/- |
| ലക്ഷ്യം | പ്രവർത്തനം (കായിക പരിശീലനം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കുട്ടികൾക്ക് കായിക പരിശീലനം, കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ മൂന്ന് ദിവസം | പി. ടി. എ കായിക അധ്യാപകൻ | 10000/- (സ്പോൺസർഷിപ്) |
| ലക്ഷ്യം | പ്രവർത്തനം (കായികതാരങ്ങൾക്ക് അവാർഡ്/സമ്മാനം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| അവാർഡ്/സമ്മാനം നൽകി ആദരിക്കൽ | സ്കൂൾ തലം, ഉപജില്ലാ തലം, ജില്ലാ തലം, സംസ്ഥാന തലം വിജയികൾക്ക് ക്യാഷ് അവാർഡും മെമന്റോയും നൽകൽ | ഓരോ തലത്തിലെയും മത്സരങ്ങൾക്ക് ശേഷം | എച്ച്. എം. കായിക അധ്യാപകൻ | 5000/- (സ്പോൺസർഷിപ്) |

| ലക്ഷ്യം | പ്രവർത്തനം (ശാസ്ത്രലാബ് സജ്ജീകരിക്കൽ) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| --- | --- | --- | --- | --- |
| ശാസ്ത്രലാബ് സജ്ജീകരിക്കൽ | സയൻസ് ലാബിലെ വിവിധ ഉപകരണങ്ങളും രാസവസ്തുക്കളും ഫിസിക്സ്, കെമിസ്ട്രി, ബയോളജി എന്നിങ്ങനെ തരംതിരിച്ച് സൂക്ഷിക്കൽ | വർഷത്തിൽ ഒരു പ്രാവശ്യം | സയൻസ് ക്ലബ് | - |
| ലക്ഷ്യം | പ്രവർത്തനം (ശാസ്ത്ര പോഷണ പരിപാടി) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കുട്ടികളിൽ ശാസ്ത്രീയ മനോഭാവം രൂപപ്പെടുത്തൽ | ശാസ്ത്രത്തിന്റെ ആവശ്യകത, ശാസ്ത്രം ജനനന്മയ്ക്ക് എന്നിവ ബോധവത്കരിക്കുന്ന ക്ലാസുകൾ | വർഷത്തിൽ രണ്ടു തവണ | സയൻസ് ക്ലബ് | 5000/- (എസ്.എസ്.ജി) |
| ലക്ഷ്യം | പ്രവർത്തനം (പ്രതിഭാ പോഷണ പരിപാടി) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| പ്രതിഭകൾക്ക് വിദഗ്ദ്ധ പരിശീലനവും ക്ലാസുകളും നൽകൽ | ശാസ്ത്രത്തിൽ മികവാർന്ന നിലവാരം പുലർത്തുന്ന കുട്ടികൾക്കായി പ്രത്യേക പരിശീലന ക്ലാസുകൾ ഒഴിവുദിനങ്ങളിൽ സംഘടിപ്പിക്കുന്നു | അവധി ദിവസങ്ങളിൽ | എസ്.എസ്.ജി & എസ്.ആർ.ജി | 5000/- (സ്പോൺസർഷിപ്) |

| ലക്ഷ്യം | പ്രവർത്തനങ്ങൾ (ശാസ്ത്രയാത്രകൾ) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശാസ്ത്രപഠനം രസകരമാക്കൽ | ക്ലാസ്സിലെ ശാസ്ത്ര സമൂഹങ്ങളും, ശാസ്ത്ര പ്രദർശനങ്ങൾ, വെളിയിൽ പ്രദർശനങ്ങൾ ഇടങ്ങൾ കവ നിരീക്ഷിക്കുന്നതിനുള്ള പഠനയാത്രകൾ. | പ്രതിവർഷം രണ്ട് യാത്രകൾ | സയൻസ് ക്ലബ്, പി.ടി.എ | 15000/- |
| ലക്ഷ്യം | പ്രവർത്തനങ്ങൾ (ശാസ്ത്രമേളകൾ) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | സ്കൂൾതല ശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പാക്കൽ, ഉപജില്ലാതലത്തിൽ പരമാവധി പങ്കാളിത്തം | വർഷത്തിൽ ഒരു പ്രാവിശ്യം | സയൻസ് ക്ലബ് | 10000/- |
| | | | | |

| ലക്ഷ്യം | പ്രവർത്തനം (ഒറിഗാമി ശില്പം ലക്ഷ്യമിട്ട ഗണിതം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| രസകരമായ ഗണിതശാസ്ത്ര പഠനവും കരചലന ശേഷികളുടെ വികാസവും | ജാപ്പനീസ് കലയായ ഒറിഗാമിയിലൂടെ ഗണിതശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ. വിവിധ രൂപങ്ങൾ നിർമ്മിക്കുന്നു. അവയിലൂടെ ഗണിത സവിശേഷതകൾ പരിചയപ്പെടുത്തുന്നു. പ്രദർശനം സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | മാത്സ് ക്ലബ്, എസ്.ആർ.ജി | 1000/- |

| ലക്ഷ്യം | പ്രവർത്തനം (ഗണിത ലാബ് സജ്ജീകരണം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠന പ്രവർത്തനങ്ങൾ സുഗമമാക്കൽ | വിദ്യാലയത്തിലെ ഒരു മുറിയിൽ ഗണിത ലാബ് സജ്ജമാക്കുന്നു. | ഒരു പ്രാവശ്യം | മാത്സ് ക്ലബ്, എസ്.ആർ.ജി | - |

| ലക്ഷ്യം | പ്രവർത്തനം (ഗണിതശാസ്ത്രമേള) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗണിത പഠനം രസകരമാക്കുന്നതിന് | സ്കൂൾ തല ഗണിതശാസ്ത്രമേളയിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം. ഉപജില്ലാ ഗണിതശാസ്ത്രമേളയിൽ പരമാവധി കുട്ടികളെ പങ്കെടുപ്പിക്കുക. | ഒരു പ്രാവശ്യം | മാത്സ് ക്ലബ് | - |

| ലക്ഷ്യം | പ്രവർത്തനം (ഗ്രന്ഥശാല ശാക്തീകരണം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തൽ. | ഭവനസന്ദർശനത്തിലൂടെ ഗ്രന്ഥശാലയിലേക്ക് കൂടുതൽ പുസ്തകങ്ങൾ കണ്ടെത്തുന്നു. പുസ്തകങ്ങൾ വർഗ്ഗീകരിച്ച് ക്രമീകരിക്കുന്നു. | വർഷത്തിൽ ഒരു തവണ | എച്ച്. എം<br>പി.ടി.എ | 2000/-<br>(സ്പോൺസർഷിപ്പ്) |
| ലക്ഷ്യം | പ്രവർത്തനം (നാടകക്കളരി) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഒരു സാഹിത്യത്തെ മറ്റൊരു രൂപത്തിലേക്ക് മാറ്റൽ | പരിചയപ്പെടുത്തുന്ന ബാല സാഹിത്യ നോവലുകൾ / ചെറുകഥകൾ എന്നിവയുടെ നാടകാവിഷ്കാരം | ദ്വിദിന പരിപാടി | ആർട്സ് ക്ലബ് | - - |
| ലക്ഷ്യം | പ്രവർത്തനം (പാവനാടക പരിശീലനം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| കലാവാസനകളെ പരിപോഷിപ്പിക്കൽ | പാഠഭാഗങ്ങളെ പാവനാടകങ്ങളായി അവതരിപ്പിക്കാനുള്ള പരിശീലനവും ആയതിന്റെ അവതരണവും | വർഷത്തിൽ ഒരു തവണ | എസ്.ആർ.ജി | 5000/- |

| ലക്ഷ്യം | പ്രവർത്തനങ്ങൾ (മാഗസിനിലെ വിവിധ ഭാഗങ്ങളുടെ വികസനം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സർഗ്ഗാത്മക രചനകളിൽ ഏർപ്പെടാൻ അവസരമൊരുക്കൽ, വായനാ സാമഗ്രികളുടെ നിർമ്മാണം | കഥയരങ്ങ്, കവിയരങ്ങ്, രചനാ ശില്പശാല എന്നിവ സംഘടിപ്പിക്കുന്നു. രൂപപ്പെടുന്ന ഉല്പന്നങ്ങൾ തെരഞ്ഞെടുത്ത് പ്രസിദ്ധീകരിക്കുന്നു | വർഷത്തിൽ രണ്ടു തവണ | വിദ്യാരംഗം കലാസാഹിത്യ വേദി | 5000/- (ഗ്രാന്റ് സർക്കാർ) |
| ലക്ഷ്യം | പ്രവർത്തനം (ഭാഷാവികസനം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ഭാഷയിലൂടെ വിവിധ ശേഷികളിൽ വികാസം നേടുക | പ്രാദേശികമായി ലഭ്യമാകുന്ന എഴുത്തുകാരെ സ്കൂളിലെത്തിച്ച് അവരുടെ വായനാ/എഴുത്ത് അനുഭവങ്ങൾ കുട്ടികളുമായി പങ്കുവയ്ക്കുന്നു. | വർഷത്തിൽ ഒരു തവണ | എച്ച്. എം & പി.ടി.എ | 2000/- (ഗ്രാന്റ് സർക്കാർ) |
| ലക്ഷ്യം | പ്രവർത്തനം (പ്രശസ്തരുമായുള്ള അഭിമുഖം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്തരായ സാഹിത്യകാരന്മാരുമായി അഭിമുഖം, സാഹിത്യ നായകന്മാർ പങ്കെടുക്കുന്ന വിവിധ സെമിനാറുകൾ സംഘടിപ്പിക്കുന്നു. | വർഷത്തിൽ ഒരു പ്രാവശ്യം | വിദ്യാരംഗം | 10000/- (ഗ്രാന്റ് സർക്കാർ) |

| ലക്ഷ്യം | പ്രവർത്തനം (മൈതാന നിർമ്മാണം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| കായിക വിദ്യാഭ്യാസത്തിന് വിപുല സൗകര്യം ഒരുക്കൽ | മുഴുവൻ കുട്ടികൾക്കും വിവിധ തരം കളികളിലും മത്സരങ്ങളിലും ഏർപ്പെടാൻ കഴിയുന്ന വിധത്തിൽ വിശാലമായ മൈതാനം നിർമ്മിക്കൽ | ഒരു വർഷം | പി.ടി.എ | 2 ലക്ഷം (MLA Fund) |

| ലക്ഷ്യം | പ്രവർത്തനം (സ്റ്റാഫ് റൂം നിർമ്മാണം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യ വികസനം | എല്ലാവിധ സൗകര്യങ്ങളോടും കൂടിയ വിശാലമായ സ്റ്റാഫ് റൂം ഒരുക്കൽ | ഒരു വർഷം | പി.ടി.എ | 3 - ലക്ഷം (M.P Fund) |

| ലക്ഷ്യം | പ്രവർത്തനം (ഓഫീസ് ഡിജിറ്റലൈസേഷൻ) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| വിദ്യാലയ ആവശ്യത്തിനും പൊതു ജനങ്ങൾക്കും ഓഫീസ് സേവനം സുഗമമായി ലഭ്യമാക്കൽ | വിദ്യാലയത്തിലെ അഡ്മിഷൻ രജിസ്റ്റർ, മാർക്ക് രജിസ്റ്റർ, ടി.സി രജിസ്റ്റർ, മാർക്ക് രജിസ്റ്റർ തുടങ്ങിയവ ഡിജിറ്റൽ രൂപത്തിലേക്ക് മാറ്റി സൂക്ഷിക്കൽ | 2 വർഷം | ഹെഡ്.എം, ക്ലർക്ക് | 2 - ലക്ഷം (M.P ഫണ്ട്) |

| ലക്ഷ്യം | പ്രവർത്തനം (കിഡ്സ് പാർക്ക്) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ആരോഗ്യ - കായിക, വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ. | ഒരു വർഷം | പി.ടി.എ | 2 . ലക്ഷം (MLA Fund) |
| ലക്ഷ്യം | പ്രവർത്തനം (ഡൈനിംഗ് ഹാൾ) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| ശുചിത്വം + ആരോഗ്യം പാലനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | ഒരു വർഷം | പി.ടി.എ | 2 . ലക്ഷം (M.P Fund |
| ലക്ഷ്യം | പ്രവർത്തനം (ശൗചാലയ നിർമ്മാണം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| വൃത്തിയുള്ള ശൗചാലയം | സൗകര്യപ്രദമായ സ്ഥലത്ത് ആധുനിക സൗകര്യങ്ങളുള്ള ശൗചാലയം നിർമ്മിക്കൽ | ഒരു വർഷം | പി.ടി.എ | 3 . ലക്ഷം (MLA ഫണ്ട്) |
| ലക്ഷ്യം | പ്രവർത്തനം (പ്രീ പ്രൈമറി കെട്ടിട നിർമ്മാണം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| പ്രീ. പ്രൈമറി വിദ്യാഭ്യാസ സൗകര്യം വർദ്ധിപ്പിക്കൽ | ആകർഷകമായ വിധത്തിൽ പ്രീ. പ്രൈമറി കെട്ടിടം നിർമ്മിക്കൽ | രണ്ടു വർഷം | പി.ടി.എ ഹെഡ്. മിസ്ട്രസ് | 5 - ലക്ഷം (ജില്ലാ പഞ്ചായത്ത്) |

| ലക്ഷ്യം | പ്രവർത്തനം (മാലിന്യസംസ്കരണം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ശുചിത്വമുള്ള അന്തരീക്ഷം ഒരുക്കൽ | ജൈവമാലിന്യങ്ങളും അജൈവ മാലിന്യങ്ങളും സംസ്കരിക്കുന്നതിനുള്ള ക്രമീകരണം ഒരുക്കൽ | ഒരു വർഷം | എസ്.എസ്.ജി | 1 ലക്ഷം (ബ്ലോക്ക് പഞ്ചായത്ത്) |
| ലക്ഷ്യം | പ്രവർത്തനം (ബയോഗ്യാസ് പ്ലാന്റ്) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| മാലിന്യത്തെ ഊർജ്ജമാക്കി മാറ്റൽ | വിദ്യാലയത്തിലെ ജൈവമാലിന്യം ബയോഗ്യാസ് പ്ലാന്റിൽ നിക്ഷേപിച്ച് പാചകത്തിനാവശ്യമായ ഊർജ്ജം കണ്ടെത്തൽ | 6 മാസം | പി.ടി.എ ഉച്ചഭക്ഷണ കമ്മറ്റി | 1 ലക്ഷം (അനെർട്ട്) |
| ലക്ഷ്യം | പ്രവർത്തനം (പൂർവ്വവിദ്യാർത്ഥിസംഗമം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| സമൂഹപങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളിലായി പൂർവ്വ വിദ്യാർത്ഥിസംഗമം വിളിച്ചു ചേർക്കൽ അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ / ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ രണ്ട് പ്രാവശ്യം | എസ്.എസ്.ജി | 5000/- (പി.ടി.എ) |

| ലക്ഷ്യം | പ്രവർത്തനം (പൂർവ്വാധ്യാപകരെ) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | അധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാധ്യാപകരെ വിളിച്ചു ചേർത്ത് സമിതി രൂപീകരിക്കൽ | 2. വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | 10000/- (സ്റ്റാഫ് കൗൺസിൽ) |
| ലക്ഷ്യം | പ്രവർത്തനം (അങ്കണവാടി കലോത്സവം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ, നവാഗതരാകേണ്ടവർക്ക് വിദ്യാലയത്തെ അറിയാൻ അവസരം | വിദ്യാലയത്തിന്റെ പരിസരത്തുള്ള അങ്കണവാടിയിലെ കുട്ടികളെ പങ്കെടുപ്പിച്ചു കൊണ്ട് കലോത്സവം സംഘടിപ്പിക്കൽ, വിരുന്ന് നൽകൽ | വർഷത്തിൽ ഒരു പ്രാവശ്യം | പി.ടി.എ | 10000/- (സ്പോൺസർഷിപ്പ്) |
| ലക്ഷ്യം | പ്രവർത്തനം (സ്കൂൾ കലണ്ടർ) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| സ്കൂൾ മികവുകൾ സമൂഹവുമായി പങ്കുവയ്ക്കൽ | വിദ്യാലയത്തിലെ ഒരു വർഷത്തെ അക്കാദമിക് പ്രവർത്തനങ്ങളും സാധാരണ ദിവസ കലണ്ടറും ചേർത്ത് അച്ചടിച്ച് രക്ഷിതാക്കൾക്കും പൊതുസമൂഹത്തിനും നൽകൽ. | വർഷത്തിൽ ഒരു പ്രാവശ്യം | എസ്.ആർ.ജി. പി.ടി.എ | 10000/- (പരസ്യം) |

| ലക്ഷ്യം | പ്രവർത്തനം (നവീകരിച്ച അടുക്കള) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| അടിസ്ഥാന സൗകര്യം വികസിപ്പിക്കുക | നിലവിലുള്ള പാചകപ്പുര നവീകരിച്ച് ആധുനിക രീതിയിൽ ആക്കുക | ഒരു വർഷം | പി.ടി.എ എസ്.എസ്.ജി | 2 ലക്ഷം (MLA Fund) |
| ലക്ഷ്യം | പ്രവർത്തനം (ശുദ്ധമായ കൈ കഴുകാനുള്ള സൗകര്യം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| അടിസ്ഥാന സൗകര്യം വികസിപ്പിക്കുക | കുട്ടികൾക്ക് ശുദ്ധവും വെടിപ്പും കൊള്ളുന്ന കൈ കഴുകാനുള്ള സൗകര്യം ഉണ്ടാക്കുക | ഒരു വർഷം | പി.ടി.എ എസ്.എസ്.ജി | 1 - ലക്ഷം (MLA Fund) |
| ലക്ഷ്യം | പ്രവർത്തനം (sick room നിർമ്മാണം) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| അടിസ്ഥാന സൗകര്യം വികസിപ്പിക്കുക | രോഗികളായ കുട്ടികൾക്ക് സ്കൂളിൽ വിശ്രമിക്കാനായി sick room പണിയണം. | ഒരു വർഷം | പി.ടി.എ | 2. ലക്ഷം (പൂർവ്വ വിദ്യാർത്ഥി സഹായം) |
| ലക്ഷ്യം | പ്രവർത്തനം (Smart class room) | കാലം | ചുമതല | സാമ്പത്തിക വിശകലനം |
| അടിസ്ഥാന സൗകര്യം വികസിപ്പിക്കുക | class room. smart class room ആക്കുക | ഒരു വർഷം | പി.ടി.എ | 100000/- (പൂർവ്വ വിദ്യാർത്ഥി സഹായം) |

| ലക്ഷ്യം | പ്രവർത്തനം (മത്സരപരീക്ഷകൾക്ക് പരിശീലനം) | കാലം | ചുമതല | സാമ്പത്തിക വിശദാംശം |
|---|---|---|---|---|
| അറിവിന്റെ ജനകീയവൽക്കരണം | അവധിദിവസങ്ങളിൽ വിവിധ മത്സരപരീക്ഷകൾക്ക് തയ്യാറാകുന്ന ഉദ്യോഗാർത്ഥികൾക്ക് പരിശീലനം നൽകൽ. അദ്ധ്യാപകരും മുൻ അദ്ധ്യാപകരും ഉൾപ്പെടുന്ന സമിതിക്ക് പരിശീലനത്തിന്റെ നേതൃത്വം | ആഴ്ചയിൽ ഒരു ദിവസം | എസ്.ആർ.ജി<br>പി.ടി.എ | 10000/-<br>(പരസ്യം) |
| | | | | |